## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം : 435      19-03-2013 ൽ മറുപടിക്ക്

### വൈദ്യുതാഘാതമേറ്റവർക്ക് അനുവദിച്ച ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ അബ് ദു റഹിമാൻ രണ്ടത്താണി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) 2011 ജനുവരി മുതൽ 2012 ഡിസംബർ വരെ കേരളത്തിൽ എത്ര പേർ വൈദ്യുതാഘാതമേറ്റ് മരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) 2011 ജനുവരി മുതൽ 2012 ഡിസംബർ വരെ കേരളത്തിൽ വൈദ്യുതാഘാതമേറ്റ് മരണപ്പെട്ട വരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(1) പൊതുജനങ്ങൾ<br>ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും - 142<br>ഉപഭോക്താവിന്റെ ഉപകരണങ്ങളിൽ നിന്നും - 187<br>(2) ബോർഡു ജീവനക്കാർ - 36<br>(3) കരാർ തൊഴിലാളികൾ - 13 |
| (ബി) വൈദ്യുതാഘാതമേറ്റ് മരിച്ചവരുടെ ആശ്രിതർക്ക് വകുപ്പ് തലത്തിൽ നൽകിയ സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന പൊതുജനങ്ങളുടെ അനന്തരാവകാശി കൾക്ക് ബോർഡിൽ നിലവിലുള്ള വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം 1 ലക്ഷം രൂപ ആശ്വാസ ധനസഹായമായി അനുവദിക്കുന്നുണ്ട്. ആശ്വാസ ധനസ ഹായത്തിന്റെ അർഹത പരിശോധിക്കു ന്നതിനു വേണ്ടതായ എല്ലാ രേഖകളും ഹാജരാക്കുന്ന മുറയ്ക്ക് ധനസഹായം അനുവദിച്ച വരുന്നുണ്ട്.<br><br>ജോലിക്കിടയിലുണ്ടാകുന്ന അപകടങ്ങളിൽ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് 1923-ലെ തൊഴിലാളി നഷ്ട പരിഹാര നിയമപ്രകാരമുള്ള നഷ്ടപരിഹാ |

രവും വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും 5 ലക്ഷം രൂപയുടെ മരണാനന്തര ആനുകൂല്യവും അനുവദിച്ചു വരുന്നുണ്ട്. കൂടാതെ ആശ്രിത നിയമനവും നല്കുന്നുണ്ട്.

ജോലിക്കിടയിലുണ്ടാകുന്ന അപകടങ്ങളിൽ മരണപ്പെടുന്ന കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമപ്രകാരമുള്ള നഷ്ടപരിഹാരം അനുവദിച്ചു വരുന്നുണ്ട്.

| | |
|---|---|
| (സി) പ്രസ്തുത കാലയളവിൽ പ്രസ്തുതയിനത്തിൽ എത്ര ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് പട്ടിക സഹിതം അറിയിക്കുമോ; | (സി) പട്ടിക അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ഡി) പ്രസ്തുത കാലയളവിൽ വൈദ്യുതാഘാതമേറ്റ് ഗുരുതരാവസ്ഥയിൽ കഴിയുന്ന എത്ര പേർ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) പൊതുജനങ്ങൾക്കും കരാർ തൊഴിലാളികൾക്കും ഈ കാലയളവിൽ മാരകമല്ലാത്ത അപകടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ആരുടെയും നില ഗുരുതരമല്ല.<br><br>വൈദ്യുതാഘാതമേറ്റ് ഗുരുതരാവസ്ഥയിൽ 3 ബോർഡ് ജീവനക്കാർ കഴിയുന്നുണ്ട്. |
| (ഇ) പ്രസ്തുത വ്യക്തികൾക്ക് അനുവദിച്ചിട്ടുള്ള ധനസഹായം എത്രയാണെന്ന് പട്ടിക സഹിതം വിശദമാക്കുമോ ? | (ഇ) പട്ടിക അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**